പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

ദുരന്തനിവാരണ സേന

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :96 28/11/2018-ൽ മറുപടിക്ക്

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| പയ്യന്നൂർ മണ്ഡലത്തിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച ദുരന്തനിവാരണ സേനയുടെ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ? | കണ്ണൂർ ജില്ലയിൽ ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് പയ്യന്നൂർ നഗരസഭയിൽ കോറോം വില്ലേജിൽ അനുയോജ്യമായ സ്ഥലം അനുവദിക്കുന്നതിനായി ആർ.ആർ.ആർഎഫ്. കമാണ്ടന്റ് കണ്ണൂർ ജില്ലാ കളക്ടർക്ക് 03/10/2013 തീയതി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ ഭൂമി ലഭ്യമാക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ തളിപ്പറമ്പ് തഹസീൽദാർക്ക് 9/10/2013 തീയതി കത്ത് മുഖാന്തിരം നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് തലശ്ശേരി സബ് കളക്ടറുടെ 25/01/2014 തീയതിയിലെ സി1/15499/13 നമ്പർ കത്ത് പ്രകാരം തളിപറമ്പ് താലൂക്ക്, കോറോം അംശം, കാനായ ദേശത്ത് ദുരന്തനിവാരണ സേനയുടെ ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള സ്ഥലം അനുവദിക്കുവാൻ വേണ്ടിയുള്ള ശുപാർശ ബന്ധപ്പെട്ട വിശദവിവരങ്ങൾ സഹിതം ലാന്റ് ബോർഡ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കാര്യത്തിൽ റവന്യൂ വകുപ്പ് പോലീസ് വകുപ്പിനോട് ആശയവിനിമയം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങൾ അടക്കമുള്ള ദുരന്തങ്ങൾ നേരിടുന്നതിന് സർവ്വസജ്ജമായ ഒരു ദുരന്തനിവാരണ സേന രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടശേഷം യുക്തമായ അനന്തര നടപടികൾ അനുവർത്തിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ